**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2531** **05.11.2019-ൽ മറുപടിക്ക്**

**കമളി സബ് സ്റ്റേഷൻ**

| | ചോദ്യം<br>ശ്രീമതി ഇ.എസ്.ബിജിമോൾ | | മറുപടി<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | പീരുമേട് നിയോജകമണ്ഡലത്തിൽ പുതുതായി കമ്മീഷൻ ചെയ്ത കെ.എസ്.ഇ.ബി. കമളി സബ് സ്റ്റേഷൻ ലക്ഷ്യം വച്ചിരുന്ന എല്ലാ പ്രദേശത്തും സബ് സ്റ്റേഷനിൽ നിന്നുള്ള വിതരണശൃംഖല സ്ഥാപിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; | (എ) (ബി) & (സി) | ഉണ്ട്. കമളി 33 KV സബ്സ്റ്റേഷനിൽ നിന്നും അമ്പാടി, ചെങ്കര, ആനവിലാസം, അണക്കര എന്നീ 4 11KV ഫീഡറുകളാണ് നിർമ്മിച്ചിട്ടുള്ളത്. അണക്കര ഫീഡറിനായി കമളി സബ് സ്റ്റേഷനിൽ നിന്നും യു.ജി കേബിൾ വലിക്കുന്നതിനുള്ള ജോലികൾ ആരംഭിച്ചിരുന്നുവെങ്കിലും PWD തടസവാദം ഉന്നയിച്ചതിനാൽ OH ലൈൻ വലിച്ചാണ് ടി ഫീഡർ ഉപയോഗിക്കുന്നത്.<br>അമ്പാടി, ചെങ്കര, ആനവിലാസം ഫീഡറുകൾ കമളി സെക്ഷൻ ഓഫീസിന്റെ മാത്രം പരിധിയിൽപ്പെട്ട സ്ഥലങ്ങളിൽ വൈദ്യുതി നൽകുവാനും അണക്കര ഫീഡർ, കമളി, അണക്കര എന്നീ 2 സെക്ഷൻ ഓഫീസുകളിൽപെട്ട സ്ഥലങ്ങളിൽ വൈദ്യുതി നൽകുവാനും വേണ്ടിയാണ് ഉപയോഗിക്കുന്നത്. അമ്പാടി ഫീഡർ, കമളി ടൗൺ, തേക്കടി തുടങ്ങിയ പ്രദേശങ്ങളിലും ആനവിലാസം ഫീഡർ, ആനവിലാസം, പത്തുമുറി ഭാഗങ്ങളിലും ചെങ്കര ഫീഡർ, മുറിക്കടി, ചെങ്കര ഭാഗങ്ങളിലും അണക്കര ഫീഡർ, രണ്ടാം മൈൽ, മൂന്നാം മൈൽ, നാലാം മൈൽ, അണക്കര സെക്ഷൻ എന്നിവിടങ്ങളിലേക്കും വൈദ്യുതി എത്തിക്കുന്നു.<br>നിലവിൽ 33KV സബ് സ്റ്റേഷൻ വന്നതിനു ശേഷം, ടി സബ് സ്റ്റേഷൻ പരിധിയിൽപ്പെട്ട എല്ലാ പ്രദേശങ്ങളിലും വോൾട്ടേജ് ഇമ്പ്രൂവ്മെന്റ് ഉണ്ടായിട്ടുണ്ട്. |
| (ബി) | സബ് സ്റ്റേഷൻ പരിധിയിൽ ഗുണമേന്മയുള്ള വൈദ്യുതി ഇനിയും ലഭ്യമാക്കുവാൻ കഴിഞ്ഞിട്ടില്ലാത്ത പ്രദേശങ്ങൾ നിലവിലുണ്ടോ; | | |
| (സി) | എങ്കിൽ ഈ പ്രശ്നം പരിഹരിക്കുവാൻ എത്ര കാലമെടുക്കും; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ